**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1242** **06.03.2018- ൽ മറുപടിയ്ക്ക്**

**വിഷരഹിതപച്ചക്കറികൾ ലഭ്യമാക്കുന്നതിന് പദ്ധതികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ.ആർ. രാമചന്ദ്രൻ<br>ശ്രീ. കെ.രാജൻ<br>ശ്രീ.എൽദോ എബ്രഹാം | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) വിഷരഹിതപച്ചക്കറികൾ ലഭ്യമാക്കുന്നതിന് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ച് വരുന്നുവെന്ന് വ്യക്തമാക്കുമോ; | (എ) ജൈവകൃഷി പദ്ധതി പ്രകാരവും (GAP) പരമ്പരാഗത കൃഷി വികാസ് യോജന (PKVY) പദ്ധതി പ്രകാരവും വിഷരഹിത പച്ചക്കറികൾ ഉത്പാദിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കി വരുന്നു. |
| (ബി) പച്ചക്കറി കർഷകർക്ക് പണ ലഭ്യത ഉറപ്പു വരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ എ ഗ്രേഡ് ക്ലസ്റ്ററുകളിലെ അംഗങ്ങൾക്ക് കാർഷിക പ്രവൃത്തികൾക്ക് ആവശ്യമായ ചെറിയ തുകകൾ ലഭ്യമാക്കുന്നതിന് റിവോൾവിംഗ് ഫണ്ടായി 435 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. പ്രസ്തുത തുക വിളവെടുത്ത ശേഷം തിരികെ റിവോൾവിംഗ് ഫണ്ടിലേയ്ക്ക് വരവ് വെയ്ക്കേണ്ടതാണ്.<br><br>എ ഗ്രേഡ് ക്ലസ്റ്ററുകൾ, ബി.എൽ.എഫ്.ഒ.കൾ എന്നിവയോടനുബന്ധിച്ച് വിപണികൾ നിശ്ചിത ദിവസങ്ങളിൽ ലേല വിപണികൾ നടത്തപ്പെടുന്നു. ഇവ വഴി കർഷകരുടെ ഉത്പന്നങ്ങൾ വിൽക്കുന്നവർക്ക് തുക അടുത്ത വിപണിയ്ക്ക് മുമ്പായി നൽകുവാൻ സാദ്ധ്യമാകുന്നു. ഓണം, വിഷു തുടങ്ങി ഉത്സവ സീസണുകളിൽ ഓണ സമൃദ്ധി വിഷുക്കണി മാർക്കറ്റുകൾ സംസ്ഥാനത്ത് നടത്തി വരുന്നു. ഈ മാർക്കറ്റുകളിലേയ്ക്ക് പച്ചക്കറി നൽകുന്ന കർഷകർക്ക് പൊതു വിപണിയിലെ |

വിലയിൽ നിന്നും 10 ശതമാനം അധിക വില നൽകുന്നുണ്ട്. കൂടാതെ വിള സബ്സിഡി ഇനത്തിൽ വിവിധ ഘടകങ്ങളിലായി പച്ചക്കറി വികസന പദ്ധതി പ്രകാരം 2017-18 ൽ 79 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കി വരുന്നു. 2018-19 സാമ്പത്തിക വർഷത്തിലേയ്ക്ക് 80 കോടി രൂപയുടെ പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കുന്നതിന് തുക വകയിരുത്തിയിട്ടുണ്ട്. കൂടാതെ കേരള ഗ്രാമീൺ ബാങ്ക് വട്ടവട വഴി ധനസഹായം നൽകുന്നുണ്ട്.

(സി) വട്ടവട - കാന്തല്ലൂർ മേഖലയിലെ പച്ചക്കറി കർഷകരെ സഹായിക്കുന്നതിന് ഒരു പ്രത്യേക കാർഷിക മേഖല രൂപീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ രൂപീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പച്ചക്കറി കൃഷിയ്ക്കായുള്ള സ്പെഷ്യൽ അഗ്രികൾച്ചർ സോണിൽ വട്ടവട കാന്തല്ലൂർ പഞ്ചായത്തുകൾ ഉൾപ്പെടുന്ന ദേവികുളം ബ്ലോക്ക് ഉൾപ്പെടുത്തിയിട്ടുണ്ട്. 2017-18 ൽ അടിസ്ഥാന സൗകര്യ വികസനത്തിനും, ക്രിട്ടിക്കൽ ഗ്യാപ് ഫില്ലിംഗ്-നുമായി 76.45 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. വിവിധ ഘടകങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (ലക്ഷം) |
|---|---|---|
| 1 | വട്ടവട കാന്തല്ലൂർ പ്രദേശത്ത് ബയോഫാർമസി സ്ഥാപിക്കൽ | 6.00 |
| 2 | പ്ലാന്റ് ഹെൽത്ത് ക്ലിനിക്ക് മൂന്നാർ ദേവികുളം മറയൂർ എന്നിവിടങ്ങളിൽ സ്ഥാപിക്കൽ | 5.00 |
| 3 | വട്ടവട കാന്തല്ലൂർ ഭാഗത്ത് അഗ്രോ സർവ്വീസ് സെന്റർ സ്ഥാപിക്കൽ | 34.70 |
| 4 | തേനീച്ച കൃഷി വഴി ജീവനുള്ള വേലി നിർമ്മാണം 25 പെട്ടി / യൂണിറ്റ് 75 ശതമാനം സബ്സിഡിയിൽ | 11.25 |
| 5 | കാരറ്റ്, ബീറ്റ്റൂട്ട് എന്നിവ കഴുകി, വൃത്തിയാക്കി പാക്ക് ചെയ്യുന്ന മെഷീൻ | 12.00 |
| 6 | ഇഞ്ചിപ്പുൽ സ്റ്റീം ഡിസ്റ്റിലേഷൻ യൂണിറ്റ് | 7.50 |
| | **ആകെ** | **76.45** |

| | |
|---|---|
| ബോണസ് നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ; | കർഷകർക്ക് ഓർഗാനിക് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. അതു വഴി കർഷകർക്ക് മാർക്കറ്റ് വിലയെ അപേക്ഷിച്ച് കൂടുതൽ വിലനൽകി ഹോർട്ടികോർപ്പും, VFPCK-യും പച്ചക്കറികൾ സംഭരിക്കുന്നുണ്ട്. മറയൂർ ശർക്കരയുടെ പ്രാധാന്യവും കാന്തല്ലൂർ മേഖലയുടെ വെളുത്തുള്ളിയുടെ പ്രത്യേകതയും കണക്കിലെടുത്ത് അവയ്ക്ക് ഭൗമസൂചിക സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. ഇത് കർഷകർക്ക് മെച്ചപ്പെട്ട വരുമാനം ലഭിക്കുന്നതാണ്. വട്ടവട ഗ്രാമപഞ്ചായത്തിൽ കേരള ഗ്രാമീൺ ബാങ്കിന്റെ പുതിയ ഒരു ശാഖ ആരംഭിക്കുകയും കർഷകരുടെ JLG ഗ്രൂപ്പുകൾ ഉണ്ടാക്കി അതുവഴി കർഷകർക്ക് ധനസഹായം നൽകുകയും ചെയ്തു വരുന്നു. ഈ സാമ്പത്തിക വർഷം ഹോർട്ടികൾച്ചർ മിഷൻ വഴി വട്ടവടയിലെ 2125 കർഷകർക്ക് 1393 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുന്നതിന് ധനസഹായമായി 2,08,95,000 രൂപ നല്കിയിട്ടുണ്ട്. |
| (ഇ) അട്ടപ്പാടിയിലെ കർഷകരെ സഹായിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ? | (ഇ) അട്ടപ്പാടിയിലെ കർഷകരെ സഹായിക്കുന്നതിന് പ്രാദേശിക വിളകളുടെ വികസനം (ഡവലപ്പ്മെന്റ് ഓഫ് ലൊക്കേഷൻ സ്പെസിഫിക്ക് ക്രോപ്പ്) എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 'മില്ലറ്റ് വില്ലേജ് ' എന്ന പ്രോജക്ട് നടപ്പിലാക്കുന്നുണ്ട്.<br><br>2017-18 വർഷത്തിൽ അട്ടപ്പാടിയിലെ ആദിവാസി ഊരുകളെ ലക്ഷ്യമാക്കി 'മില്ലറ്റ് ഗ്രാമം' എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കൃഷി വകുപ്പ് 200 ലക്ഷം രൂപയും പട്ടിക വർഗ്ഗ ക്ഷേമ വകുപ്പ് അനുവദിച്ച 48.5 ലക്ഷം രൂപയും ഉൾപ്പെടെ 248.5 ലക്ഷം രൂപയുടെ പദ്ധതികളാണ് ഈ സാമ്പത്തിക വർഷം മില്ലറ്റ് ഗ്രാമം പദ്ധതിയുടെ കീഴിൽ നടപ്പാക്കുന്നത്. പദ്ധതിയിൽ ചെറുധാന്യങ്ങൾ, പയർ വർഗ്ഗങ്ങൾ, പച്ചക്കറികൾ |

എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. നിലം ഉഴവ്, വിത്ത് വിതരണം, ജൈവവളം നൽകൽ, വിള ഇൻഷ്വറൻസ്, ചെറുകിട മില്ല് സ്ഥാപിച്ചിട്ടുള്ള സംസ്കരണം, മൂല്യ വർദ്ധിത ഉത്പ്പന്നങ്ങളുടെ നിർമ്മാണം, സംഭരണം, വിപണനം എന്നീ പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നത്. ഇതോടൊപ്പം മാതൃകാ ഊരുകളുടെ സമഗ്ര കാർഷിക വികസനം, ജൈവ സർട്ടിഫിക്കേഷൻ, ആദിവാസി മേഖലയിൽ പരമ്പരാഗതമായി കൃഷി ചെയ്തു കൊണ്ടിരിക്കുന്ന അട്ടപ്പാടി തുവര, ആട്ടുകൊമ്പ്, അമര എന്നിവയുടെ ഭൗമസൂചിക സർട്ടിഫിക്കേഷൻ, ധാന്യ സംഭരണികളുടെ വിതരണം, തേനീച്ചയെ ഉപയോഗി ച്ചുള്ള ജൈവവേലി നിർമ്മാണം, ചെറുകിട ജലസേചന സൗകര്യങ്ങൾ എന്നീ പ്രവർത്തനങ്ങളും നടപ്പാക്കുന്നു.

**സെക്ഷൻ ഓഫീസർ**